# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.729** **03/12/2014-ൽ മറുപടിക്ക്**

## സൗജന്യ കാൻസർ ചികിത്സ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. ചിറയം ഗോപകുമാർ** | **ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |

---

| | | | |
| --- | --- | --- | --- |
| (എ) | കാൻസർ രോഗികളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുന്നതിന് ആനുപാതികമായി നിലവിലുള്ള ചികിത്സാ ക്രമീകരണങ്ങൾ പരിമിതമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊച്ചിയിൽ സമഗ്രമായ ഒരു കാൻസർ ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ആർ.സി.സി.യെ സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തിയത് വഴി കാൻസർ രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുവാൻ കഴിയുന്നുണ്ട്. എല്ലാ ജില്ലകളിലേയും ഒരു പ്രധാന ആശുപത്രിയിൽ കാൻസർ ചികിത്സ ആരംഭിക്കുന്നതിനുള്ള പദ്ധതി 2013 മുതൽ തുടക്കമിട്ടു. ഈ പദ്ധതി 12 ജില്ലകളിൽ പ്രാവർത്തികമാക്കുകയും അർബുദ രോഗികൾക്ക് അവരുടെ ജില്ലയിൽ തന്നെ തുടർ ചികിത്സ ലഭ്യമാക്കുന്നതിനും സാധിച്ചു. ആരോഗ്യ വകുപ്പിൽ കാൻസർ രോഗ വിദഗ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്കും, നേഴ്സുമാർക്കും, റീജിയണൽ കാൻസർ സെന്ററിൽ വിദഗ്ധ പരിശീലനം നൽകി ഈ യൂണിറ്റുകളിൽ വിന്യസിക്കുകയുണ്ടായി. നിലവിലുള്ള കാൻസർ ചികിത്സാ കേന്ദ്രങ്ങൾ മെച്ചപ്പെടുന്നതിനും തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ മാമോഗ്രാഫി യൂണിറ്റ് ആരംഭിക്കുന്നതിനും കാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്തുന്നതിനും കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സാധിച്ചു. കൂടാതെ സുകൃതം എന്ന പേരിൽ 5 സർക്കാർ മെഡിക്കൽ കോളേജിനേയും, തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിനേയും മലബാർ കാൻസർ സെന്ററിനേയും ഗവൺമെന്റ് ഹോസ്പിറ്റൽ എറണാകുളത്തിനേയും ഉൾപ്പെടുത്തി പുതിയ ഒരു കാൻസർ രോഗ ചികിത്സാ പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിന് പരിഹാരമായി എന്തെല്ലാം ക്രമീകരണങ്ങളാണ് നടപ്പിലാക്കുവാനായി ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ ; | | |

| | | | |
|---|---|---|---|
| (സി) | കാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും പര്യാപ്തമായ സൗകര്യങ്ങൾ എല്ലാ താലൂക്ക് തല ആശുപത്രികളിലും ക്രമീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ ; | (സി) | കാൻസർ ചികിത്സയ്ക്കുള്ള ജില്ലാ കാൻസർ കെയർ പദ്ധതി എല്ലാ ജില്ലയിലേയും ഒരു പ്രധാന ആശുപത്രിയിൽ മാത്രമാണ് ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ളത്. |
| (ഡി) | ഭാരിച്ച സാമ്പത്തിക ബാധ്യതയുള്ള തുടർ ചികിത്സ ആവശ്യമായി വരുന്നതായ മിക്ക കാൻസർ രോഗികൾക്കും സമ്പൂർണ്ണമായി [illegible] കാൻസർ ചികിത്സ ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ; | (ഡി) | നിർധനരായ രോഗികൾക്ക് (BPL ലിസ്റ്റിൽ പ്പെട്ടവർക്ക്) മൂന്നു ലക്ഷം രൂപ വരെയുള്ള ചികിത്സാ ചെലവ് സൗജന്യമാക്കിക്കൊണ്ട് 01/11/2014 മുതൽ സംസ്ഥാന സർക്കാർ സുകൃതം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ കാരുണ്യ ബെനവലന്റ് ഫണ്ട്, ചിസ്+, തുടങ്ങിയ പദ്ധതികളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്കായി നിലവിലുണ്ട്. |
| (ഇ) | ഇങ്ങനെയുണ്ടാകുന്ന സാമ്പത്തിക ബാധ്യത കേന്ദ്ര സഹായത്തോടെ കണ്ടെത്തി ജീവകാരുണ്യപരമായി ഈ വിഷയം പരിഗണിച്ച് സമയബന്ധിതമായി ഇത്തരം പദ്ധതി നടപ്പിലാക്കാൻ ശ്രമമുണ്ടാകുമോ ? | (ഇ) | തത്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ